മിസ്റ്റർ കെ. പി. വള്ളോൻ.—റവന്യൂ ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് അടിയെ പ്രവേശിപ്പിക്കുന്നില്ലെന്നുള്ള വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ ?

മിസ്റ്റർ കെ. അച്ചുതമേനോൻ.—റവന്യൂ ഡിപ്പാർട്ടുമെണ്ടിനെ കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—മറ്റു വല്ല ഡിപ്പാർട്ടുമെണ്ടിലും കിട്ടിയിട്ടുണ്ടോ ?

മിസ്റ്റർ കെ. അച്ചുതമേനോൻ.—എനിയ്ക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പിന്നെ ആരാണാവോ ഇതിനെ മറുപടി തരുന്നതു് ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

Poramboke lands given to the Depressed Classes.

183. മിസ്റ്റർ കെ. പി. വള്ളോൻ.— അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽനിന്നും അധഃകൃതരുടെ കുടിപാർപ്പിനായി തിരിച്ചുകൊടുക്കുന്ന പുറമ്പോക്കു ഭൂമികൾ റെവന്യൂ ഡിപ്പാർട്ടുമെണ്ടിന്റെ അനുമതിയോടുകൂടിയോ അല്ലയോ എന്നു ദയവായി മറുപടി പറയുമോ ?

രാമവമ്മതമ്പുരാൻ.—റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും അധഃകൃതർ പാർക്കുവാൻ അനുവദിച്ചിട്ടുള്ള സ്ഥലമാണു് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും തിരിച്ചുകൊടുക്കുന്നതു്.

Reduction of feeding charges given to the Depressed Class pupils who are studying in the Trichur Industrial School.

184. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂർ ഇൻഡസ്ട്രിയൽ സ്കൂളിൽ പഠിക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്കു മാസന്തം ഏഴുരൂപ കൊടുത്തിരുന്നതു ഈ വർഷത്തിൽ മൂന്നാക്കി കുറക്കുവാനുള്ള കാരണമെന്തു് ?

രാമവമ്മതമ്പുരാൻ.—അധഃകൃത ഹോസ്റ്റലിൽ ചേരാത്ത ഇൻഡസ്ട്രിയൽ വിദ്യാർത്ഥികൾക്കു ഫീഡിംഗ് ചാർജ്ജു നൽകിയതു് ഭക്ഷണസാധനങ്ങൾക്കു വില കുറഞ്ഞതുകൊണ്ടും വിദ്യാർത്ഥികളെ ഹോസ്റ്റലിൽ ചേരുവാൻ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയുമാണു്

മിസ്റ്റർ കെ. പി. വള്ളോൻ.—ഹോസ്റ്റലിൽ താമസിക്കുന്നതിനു് സൌകര്യമില്ലാത്ത വിദ്യാർത്ഥികൾക്കു് കൊസ്റ്റപ്പണ്ടു് കൊടുത്തിരുന്നതു് കുറയ്ക്കുവാനുള്ള കാരണമെന്താണു് ?

രാമവമ്മതമ്പുരാൻ.—ഹോസ്റ്റലിൽഉള്ള സ്റ്റുഡൻറ്സിനു് മുഴുക്കയിട്ടില്ല. ഇതു് ഹോസ്റ്റലിൽനിന്നും പുറത്തു താമസിയ്ക്കുന്നവർക്കു് ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹോസ്റ്റലിനു് അടുത്തു തന്നെ—അവരുടെ വീട്ടിൽ—താമസിയ്ക്കുവാൻ സൌകര്യമുള്ള വിദ്യാർത്ഥികൾ ഈ ഹോസ്റ്റലിൽ ചേരണമെന്നു് നിർബ്ബന്ധമുണ്ടോ ?

രാമവർമ്മ തമ്പുരാൻ.—നിർബ്ബന്ധമില്ല, സാധനങ്ങൾക്കു വില വളരെ കൂറഞ്ഞതുകൊണ്ടാണു് നമ്മുക്കു് ആക്കി കുറച്ചതു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.— കഴിഞ്ഞ കൊടുത്തിരുന്നു എന്നു പറഞ്ഞതു് മാസാന്തം തന്നെ മുമ്പു കൊടുത്തിരുന്നുവോ ?

രാമവർമ്മ തമ്പുരാൻ.—കൊടുത്തിരുന്നു. ഹോസ്റ്റൽ തുറന്നിട്ടതന്നെ കുറച്ചു കാലമേ ആയിട്ടുള്ളു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഹോസ്റ്റലിൽ താമസിയ്ക്കുന്ന കുട്ടികൾ അധികം ആഹാരം കഴിയ്ക്കാറുണ്ടോ ?

രാമവർമ്മ തമ്പുരാൻ.— ഹോസ്റ്റലിൽ ചേരുന്നതിന്റെ ഉദ്ദേശം തന്നെ ചിലവു കുറയ്ക്കുവാനാണു്.

മിസ്റ്റർ പാലം മാത്തുള്ള.—വിദ്യാർത്ഥികൾ ഹോസ്റ്റലിൽ ചേരാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ?

രാമവർമ്മ തമ്പുരാൻ.— ഇല്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഒരു വിദ്യാർത്ഥിയ്ക്കു് നമ്മുക്കു കൊണ്ടു മതിയാകുമോ ?

രാമവർമ്മതമ്പുരാൻ.—അതേ ചിലവു വരികയുള്ളുവെന്നാണു് അറിയുന്നതു്.

Receipts and expenditure in the Trichur Cotton Hostel.

185. മിസ്റ്റർ കെ. പി. വള്ളോൻ—ഫ ഫ ൦ ൻ-ൽ തൃശിവപേരൂർ കോട്ടൻ ഹോസ്റ്റലിൽ ആകെ ചിലവായിട്ടുള്ള സംഖ്യയെത്ര ?

അധ്യക്ഷത വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡു വകയിൽ ആകെ വരവെത്ര ?

രാമവർമ്മതമ്പുരാൻ. —ഫ ,ഫ ൬ ൪ക

ഹോസ്റ്റൽ ബോർഡർമാരായ അധ്യക്ഷതവിദ്യാർത്ഥികൾക്കു സ്റ്റൈപ്പണ്ടൊന്നും അവകാശമില്ലാത്തതുകൊണ്ടു് ആഇനത്തിൽ വരവൊന്നുമില്ല.

മിസ്റ്റർ കെ പി. വള്ളോൻ.—അധ്യക്ഷത ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടു് ?

രാമവർമ്മതമ്പുരാൻ.—എത്ര എന്നു് നിശ്ചയമില്ല. ഇരുപത്തഞ്ചോ, മുപ്പതോ പേർ കാണും.

Travelling allowance drawn by the Protector of the Depressed Classes

186. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഫ ഫ ൦ വ-ലും ഫ ഫ ൭ ൻ-ലുമുള്ള മീനമാസങ്ങളിൽ അധ്യക്ഷത സംരക്ഷകനവർകൾ ടാവലിംഗു് അലവൻസു് വാങ്ങീട്ടുള്ള തുകകളുടെ ഒരു ലിസ്റ്റു് അനുബന്ധമായി ചേർക്കുവാൻ ഭയമോന്നുമോ;

LIBRARY ARCHIVES Kerala Legislative Assembly